# കൃഷ്ണൻ ബന്ധമോക്ഷച്ചെപ്പ് തുറന്നപ്പോൾ

ഭഗവദാശ്രയം സഹജമായാൽ, മനസ്സ് ശുദ്ധമാകാൻ തുടങ്ങും. അതോടെ ആശകളെല്ലാം വീണുപോകും. ആശയറ്റ മനസ്സിന് ആത്മലാഭം സ്വാഭാവികമായി സിദ്ധിയ്ക്കുന്നു. (പേജ് 2)

ആരേയും ആശ്ലേഷിയ്ക്കാൻ കഴിയണം, ആരുടെ തെറ്റുകുറ്റങ്ങളോടും പോരായ്മയോടും ക്ഷമാശീലവും വേണ്ടത്ര ഉണ്ടാവണം. ഇനിയൊരാളെ പൊറുക്കുന്നതും അണയ്ക്കുന്നതും അവനവന്റെ നന്മകൊണ്ടാണ്, താൻ മോശക്കാരനായതുകൊണ്ടല്ലെന്നു സദാ ഓർമവെയ്ക്കുക. (പേജ് 9)

മറ്റുള്ളവർ എങ്ങനെയെന്നു ചിന്തിയ്ക്കുന്നതിനുപകരം, താൻ എങ്ങനെയാകണം ഇതാകണം എപ്പോഴുമുള്ള ഉത്കണ്ഠയും തീവ്രതയും. (പേജ് 10)

മനുഷ്യമനസ്സിലെ വിഷമങ്ങളും ദുരിതങ്ങളും വ്യാമോഹങ്ങളുമെല്ലാം വ്യക്തമായി ചൂണ്ടിക്കാണിച്ച് അതു നീക്കംചെയ്യാനുള്ള വഴികൾ പറഞ്ഞുതന്ന്, പലതരത്തിലും ഉദ്ബോധിപ്പിയ്ക്കുന്ന സദ്ഗുരുവിന്റെ സംസർഗത്തിനു പകരമാകില്ല ഒന്നും. (പേജ് 115)

**വേദാന്തസാഹിത്യം പ്രതിപാദിച്ചു പ്രചരിപ്പിയ്ക്കുന്ന സുവിദിതനായ സംന്യാസനിഷ്ഠനാണ് സ്വാമി ഭൂമാനന്ദതീർഥർ. 23-ാം വയസ്സിൽ സംന്യാസവൃത്തി സ്വീകരിച്ചതോടെ അദ്ദേഹം അവിരതം അനശ്വരജ്ഞാനത്തിന്റെ മഹിമയെ, അസാധാരണമായ ആശയത്തെളിച്ചത്തോടും പ്രായോഗിക മേന്മയോടും കൂടി ഇന്ത്യയിലും വിദേശങ്ങളിലുമുള്ള ജിജ്ഞാസുക്കൾക്കു കലവറയില്ലാതെ ഉദ്ബോധിപ്പിച്ചു വരുകയാണ്. സ്വാമിജിയുടെ വാക്കുകൾ ഞെട്ടിയ്ക്കുന്ന യുക്തികൂർമതയോടെയാണ് നാഗരികചിന്തകനെ ഗ്രസിയ്ക്കുന്നതെങ്കിൽ, അനുഭവസാന്ദ്രമായ ആത്മസിദ്ധിയുടെ ഗാഢസ്പർശത്തോടെയാണ് ആത്മാർഥ ജിജ്ഞാസുവിനെ ആശ്ലേഷിയ്ക്കുന്നത്.**

## വിഷയവിവരം


**1**

1-38

- ധർമാചരണത്തോടൊപ്പം തത്ത്വവിചാരവും വേണം
- നിവൃത്തികർമമാണ് പ്രവൃത്തികർമമല്ല വേണ്ടത്
- ശിഷ്യന്നുണ്ടാകേണ്ട ഗുണമഹിമകൾ
- ദേഹത്തിലെ ആത്മാ വിറകിലെ അഗ്നിപോലെ
- തത്ത്വജിജ്ഞാസകൊണ്ടേ ലോകപ്രതീതി നീങ്ങൂ
- ഗുരുവിനാലേ ശിഷ്യനിൽ ആത്മമഥനം നടക്കൂ
- കർമാചരണത്താൽ ലോകക്കുരുക്ക് അഴിയില്ല
- തൂങ്ങാൻപോകുന്നവനു സദ്യ രുചിയ്ക്കുമോ
- പുണ്യംതീരവേ സ്വർഗംവിട്ട് കൊടുംവീഴ്ച
- വിവേകഹീനകർമം എത്ര ക്രൂരം നിഷ്ഫലം
- സൃഷ്ടിയാകെ മൂന്ന് ഗുണങ്ങൾക്കുള്ളിൽ
- ഗുണങ്ങൾ ബന്ധിയ്ക്കുന്നു മുക്തവുമാക്കുന്നു
- ഗുണമുക്തൻ ജീവിയ്ക്കുന്നതെങ്ങനെ

**2**

39-90

- ബന്ധമോക്ഷശോകമോഹമാകെ മായാസൃഷ്ടം
- ദേഹവൃക്ഷത്തിൽ ജീവാത്മപ്പക്ഷികൾ
- സ്വപ്നംവിട്ട് ഉണർന്നവനും ഉണരാത്തവനും
- ബന്ധനമണയ്ക്കുന്നത് കർതൃത്വം
- ജ്ഞാനി കർമനിരതതയിലും മുക്തൻ
- ജ്ഞാനമില്ലാവേദപഠനം ദാനമില്ലാധനം ആപത്കരം
- ഈശ്വരകഥയും തത്ത്വകഥനവും ഇല്ലാഞ്ഞാൽ
- ബ്രഹ്മധ്യാനം വയ്യാത്തവർക്കാണ് ഭക്തിമുറകൾ
- ഭക്തിയ്ക്ക് സാഫല്യം സത്സംഗത്തിൽ
- സാധുമഹാത്മാക്കൾക്കുള്ള ഗുണമേന്മകൾ
- ബഹുമുഖമായ ക്ഷേത്രസേവയും ഫലങ്ങളും
- ഭഗവാന് കൊടുത്തത് നോക്കപോലുമരുത്
- ഏറ്റവും ഇഷ്ടമുള്ളതുവേണം ഈശ്വരന് നല്കാൻ
- ഭൂതങ്ങളും ജീവികളുംകൂടി ആരാധ്യർ
- സർവപൂജയും ധ്യാനത്തിലെത്തിയ്ക്കാൻ
- ഭക്തിയും സത്സംഗവുംതന്നെ പ്രാപ്യസ്ഥാനം

## 3

91-120

- സത്സംഗമേ ഈശ്വരനെ പിടിച്ചുകെട്ടൂ
- അറിവില്ലാത്ത ഗോപികൾക്കും കൃഷ്ണപ്രാപ്തി
- കൃഷ്ണബദ്ധതയാൽ മറ്റൊന്നുമേശാത്ത വ്രജവാസികൾ
- വിധിനിഷേധംവിട്ടേ ഈശ്വരനെ പുണരാനാവൂ
- ശബ്ദരചനയുടെ പിന്നിലെ ജീവപ്രഭാവം
- ജീവചേതനതന്നെ എല്ലാറ്റിനും ഉറവിടം
- കൊമ്പുംകൂടും പൂവുംകായുമുള്ള സംസാരവൃക്ഷം
- ഗുരുസേവ രാകിയ ജ്ഞാനവാളാൽ അതറക്കുക
- ആത്മജ്ഞാനം നേടി ശാസ്ത്രം വിട്ടേയ്ക്കൂ
- വിഭജനദൃഷ്ടി നീക്കി അവിഭാജ്യത ഉൾക്കൊള്ളൂ
- വേദനിഷ്ഠ നിഷ്പ്രഭമാകുന്ന വ്രജനിഷ്ഠ

## 4

121-168

- സത്ത്വഗുണത്താൽ ഗുണങ്ങളെ വിട്ടുയരുക
- സാത്ത്വികസ്വാധീനം രചിയ്ക്കുന്നതെങ്ങനെ
- താനല്ലാത്തതെ താനെന്ന് നിനയ്ക്കുന്ന വിപത്ത്
- വ്യഗ്രതയോടെ ആത്മനിയന്ത്രണം ശീലിയ്ക്കുക
- ബ്രഹ്മാവിന്റെ കുഴക്കം തീർക്കാൻ അരയന്നമോ
- ധാർമികചോദ്യത്തിന് ഉത്തരംനല്കാഞ്ഞാൽ പാപം
- ഭവാനാര് എന്ന ചോദ്യം തീരെ അസംഗതം
- ദൃശ്യമിഥ്യത പാടിക്കേൾപ്പിച്ച ഹംസം
- ഏകത്വത്തിൽ അമർന്നുപോകുന്ന വസ്തുഗ്രഹണം
- തുരീയത്തിൽ ഊന്നി ഗുണകാര്യങ്ങളെ വിട്ടേയ്ക്കൂ
- വിജ്ഞാനമൊന്നേ ഉള്ളൂ എങ്ങുമെപ്പോഴും
- മദ്യപന്റെ തുണിപോലെ ദേഹം നില്ക്കട്ടെ വീഴട്ടെ
- ഹംസമൊഴി പ്രബുദ്ധരാക്കിയ ബ്രഹ്മപുത്രന്മാർ

# 5

169-207

- ശ്രേയസ്സ് പലവിധമോ ഒന്നുമാത്രമോ
- ഒന്നുതന്നെ ഇന്നും എന്നും
- മായാമോഹം ഒന്നിനെ പലതാക്കുന്നു
- നിരപേക്ഷന്റെ സുഖം മറ്റാർ അറിയും
- ഉത്തമഭക്തൻ ഈശ്വരന് ഏറ്റവും പ്രിയൻ
- കൃഷ്ണശുദ്ധിയ്ക്ക് നിരപേക്ഷന്റെ പാദധൂളി
- ഭക്തികൊണ്ട് ഭഗവാനെ ഉള്ളിൽ കെട്ടിയിടൂ
- ഭക്തൻവേണം ലോകം പവിത്രമാക്കാൻ
- ഭക്തിശുദ്ധികൊണ്ടേ ആത്മതത്ത്വം തെളിയൂ
- ഈശ്വരനെ ധ്യാനിയ്ക്കുന്ന രീതി
- ദേഹപ്രാണശുദ്ധിവരുത്തി ഹൃദയത്തിൽ അലിയൂ
- മനസ്സിനെ വ്യഗ്രമാക്കാനുള്ള ആദ്യപടി
- ഭഗവന്മുഖംകൂടി വിട്ട് ആകാശസമമാകൂ
- ചിന്തകചിന്തനചിന്താഭേദം നീങ്ങി നിർവാണം

208-214

- അനുക്രമണിക

# 1

- ധർമാചരണത്തോടൊപ്പം തത്ത്വവിചാരവും വേണം
- നിവൃത്തികർമമാണ് പ്രവൃത്തികർമമല്ല വേണ്ടത്
- ശിഷ്യന്നുണ്ടാകേണ്ട ഗുണമഹിമകൾ
- ദേഹത്തിലെ ആത്മാ വിറകിലെ അഗ്നിപോലെ
- തത്ത്വജിജ്ഞാസകൊണ്ടേ ലോകപ്രതീതി നീങ്ങൂ
- ഗുരുവിനാലേ ശിഷ്യനിൽ ആത്മമഥനം നടക്കൂ
- കർമാചരണത്താൽ ലോകക്കുരുക്ക് അഴിയില്ല
- തൂങ്ങാൻപോകുന്നവന് സദ്യ രുചിയ്ക്കുമോ
- പുണ്യംതീരവേ സ്വർഗംവിട്ട് കൊടുംവീഴ്ച
- വിവേകഹീനകർമം എത്ര ക്രൂരം നിഷ്ഫലം
- സൃഷ്ടിയാകെ മൂന്ന് ഗുണങ്ങൾക്കുള്ളിൽ
- ഗുണങ്ങൾ ബന്ധിയ്ക്കുന്നു മുക്തവുമാക്കുന്നു
- ഗുണമുക്തൻ ജീവിയ്ക്കുന്നതെങ്ങനെ

---

## ധർമാചരണത്തോടൊപ്പം തത്ത്വവിചാരവും വേണം

ആചാരാനുഷ്ഠാനങ്ങൾ പേരിനുമാത്രം നടത്തുന്നതാകരുത്. മനുഷ്യനിൽ ചിട്ടയും ഒതുക്കവും വ്യവസ്ഥയും വളർത്തിയെടുക്കുന്നതാണ് എന്താചരണത്തിന്റേയും ഉദ്ദേശം.

**മയോദിതേഷ്വവഹിതഃ**
**സ്വധർമേഷു മദാശ്രയഃ**
**വർണാശ്രമകുലാചാരം**
**അകാമാത്മാ സമാചരേത്** (11.10.1)

അന്വയം: **മയാ ഉദിതേഷു സ്വധർമേഷു അവഹിതഃ മദാശ്രയഃ അകാമാത്മാ വർണാശ്രമകുലാചാരം സമാചരേത്.**

എന്നാൽ പ്രതിപാദിയ്ക്കപ്പെട്ട സ്വധർമങ്ങളിൽ മനസ്സ് പതിപ്പിച്ചുകൊണ്ട് എന്നിൽ തികഞ്ഞ ആശ്രയത്തോടെ ഒരു കാമവുമില്ലാതെ വർണാശ്രമകുലാനുസൃതമായ ആചാരാനുഷ്ഠാനങ്ങൾ പിന്തുടരണം.

വെറും ആചാരങ്ങൾകൊണ്ട് വിവേകവും വൈരാഗ്യവും, അനന്തരം സിദ്ധിയ്ക്കേണ്ട ആത്മജ്ഞാനവും ഉണ്ടാകുന്നതല്ല. ഈ വിടവു നികത്താനുള്ള വഴി എന്തു ചെയ്യുമ്പോഴും ഈശ്വരനിൽ ആശ്രയം വളർത്തിയെടുക്കുന്നതാണ്. ഭൂഭ്രമണംപോലും ഈശ്വരനെ ചൊല്ലിയാണല്ലോ. പിന്നെയാണോ ഭൂജീവികളുടെ നിലനില്പും പ്രവൃത്തികളുമെല്ലാം? ഭഗവദാ

**ശ്രയം സഹജമായാൽ, മനസ്സ് ശുദ്ധമാകാൻ തുടങ്ങും. അതോടെ ആശകളെല്ലാം വീണുപോകും. ആശയറ്റ മനസ്സിന് ആത്മലാഭം സ്വാഭാവികമായി സിദ്ധിയ്ക്കുന്നു.**

അവനവന്റെ സർവകർമങ്ങളും ധർമമൂല്യങ്ങളെ മുറുകിപ്പിടിച്ചും ഈശ്വരനെ ആശ്രയിച്ചും ശ്രദ്ധയോടെ ആകണമെന്നതാണ് ഇതിന്റെയെല്ലാം രഹസ്യം. ആചരണത്തോടൊപ്പം തത്ത്വവിചാരശീലവും വേണം. അതിനുവേണ്ടിയാണ് അവധൂതൻ 24 കേന്ദ്രങ്ങളെ നോക്കി പഠിച്ച് അഭ്യസിച്ചുവശമാക്കിയ ധർമമൂല്യസിദ്ധാന്തങ്ങളെപ്പറ്റി കൃഷ്ണൻ വിശദമായി പറഞ്ഞത്.

ആചാരവും അനുഷ്ഠാനവും ഒരുതരത്തിൽ അച്ചടക്കവും നിയന്ത്രണവുമേ ആകുന്നുള്ളു. ഇത് അത്യാവശ്യമാണുതാനും. ഇങ്ങനെ നിയന്ത്രിതമായ അന്തഃകരണത്തിനു തത്ത്വവിചാരം സുഗമവും ഫലപ്രദവുമാകും.

**ആചാരത്തിലൂടെ വിചാരതലത്തിലേയ്ക്ക് ഉയരുകയാണ് ധർമാനുസരണത്തിന്റെ ഉള്ളടക്കം.** തത്ത്വവിചാരം അന്തരംഗത്തിൽ നടത്തുന്ന അനുഷ്ഠാനമാണ്. അതിനുള്ള ശക്തിയും സ്വാധീനവും അവർണ്യംതന്നെ. കുരുക്ഷേത്രത്തിൽ അർജുനന് അനുഭവപ്പെട്ടതും, ദ്വാരകയിൽ ഉദ്ധവന് അനുഭവപ്പെടുന്നതും വാസ്തവത്തിൽ വിചാരത്തിന്റെ സ്വാധീനവും മഹിമയുമാണ്. വിചാരംചെയ്യുന്ന ആർക്കും ഇത് അനുഭവപ്പെടുകയും ചെയ്യും.

**അന്വീക്ഷേത വിശുദ്ധാത്മാ**
**ദേഹിനാം വിഷയാത്മനാം**
**ഗുണേഷു തത്ത്വധ്യാനേന**
**സർവാരംഭവിപര്യയം** (11.10.2)

അന്വയം: **വിശുദ്ധാത്മാ വിഷയാത്മനാം ദേഹിനാം ഗുണേഷു തത്ത്വധ്യാനേന സർവാരംഭവിപര്യയം അന്വീക്ഷേത.**

ലോകവിഷയങ്ങളിൽ വാസ്തവബുദ്ധി പുലർത്തുന്നതിനാൽ വിഷയാശയുള്ളവർക്കു സർവപ്രവൃത്തികളിലും പിണയുന്ന വിപരീതഫലത്തെക്കുറിച്ചു വിശുദ്ധാത്മാ നന്നേ ആലോചിച്ചു ഗ്രഹിയ്ക്കണം.

വർണത്തിനും കുലത്തിനും ആശ്രമത്തിനും ചേർന്ന കർമം ചെയ്യണമെന്നു പറഞ്ഞുവല്ലോ. അത് ആശയില്ലാതെവേണമെന്നും വ്യക്തമാക്കി. അങ്ങനെയാണെങ്കിൽ പ്രവർത്തിയ്ക്കുന്നതെന്തിന്? ആശയല്ലേ എന്തു പ്രവൃത്തിയ്ക്കുമുള്ള പ്രേരണയും നിർബന്ധവും എന്നു തോന്നുന്നപക്ഷം, അതിനുമുണ്ട് ഉത്തരം.

ആശയും ആർത്തിയുമായി പ്രവർത്തിയ്ക്കുന്നവരുണ്ടല്ലോ, അവർക്കെന്തു സംഭവിയ്ക്കുന്നു? പ്രത്യക്ഷലോകംതന്നെ ശരി, വാസ്തവം. അതു

വിട്ടൊന്നും ചിന്തിയ്ക്കാനില്ല. എന്തും എത്രയും ചെയ്യുക, അതിന്റെയൊക്കെ ഫലം അനുഭവിയ്ക്കുക, അതുമതി ജീവിതത്തിലെന്നു ചിന്തിയ്ക്കുന്നവർക്കും വിപരീതഫലങ്ങളുണ്ടാകാറില്ലേ?

അഭിക്രമനാശം, പ്രത്യവായം എന്നീ രണ്ടു ദോഷങ്ങൾ സാധാരണ കർമങ്ങൾക്കുള്ളതാണ്. കൃഷ്ണൻ ഗീതയിൽ കർമയോഗസിദ്ധാന്തം അവതരിപ്പിയ്ക്കുമ്പോൾ ഇതു വളരെ വ്യക്തമായി വിവരിയ്ക്കുന്നുണ്ടല്ലോ.

**നേഹാഭിക്രമനാശോഽസ്തി പ്രത്യവായോ ന വിദ്യതേ** (2.40). തുടങ്ങിവെച്ചതു നശിയ്ക്കൽ (അഭിക്രമനാശം),വിപരീതഫലം (പ്രത്യവായം), എന്നീ ദോഷങ്ങൾ കർമ്മയോഗത്തിൽ ഇല്ലെന്നാണ് അവിടെ ചൂണ്ടിക്കാണിയ്ക്കുന്നത്. മാത്രമല്ല 18-ാം അധ്യായത്തിൽ ഒന്നുകൂടി തറപ്പിച്ചുപറയുന്നു. **സർവാരംഭാ ഹി ദോഷേണ ധൂമേനാഗ്നിരിവാവൃതാഃ** (18.48), എല്ലാ സംരംഭങ്ങളേയും അഗ്നിയെ പുകയെന്നപോലെ, ദോഷം പൊതിഞ്ഞിരിയ്ക്കുന്നു.

ഇങ്ങനെയൊക്കെയാണെങ്കിലും, നമുക്ക് ആഹാരവും പ്രവൃത്തിയും ഇല്ലാതെ പറ്റില്ല. പ്രകൃതിയാണ് തട്ടിനീക്കാൻ കഴിയാത്തവിധം സർവരേയും പ്രവർത്തിപ്പിയ്ക്കുന്നത്. **കാര്യതേ ഹ്യവശഃ കർമ സർവഃ പ്രകൃതിജൈർ ഗുണൈഃ** (ഗീത 3.5).

സത്ത്വം, രജസ്സ്, തമസ്സ് എന്നീ പ്രകൃതിഗുണങ്ങൾ എല്ലാവരേയും നിർബന്ധപൂർവം പ്രവർത്തിപ്പിയ്ക്കയാണ്. ഈ പശ്ചാത്തലത്തിൽ കൃഷ്ണൻ പറയുന്നു: പ്രവർത്തിയ്ക്കൂ, പക്ഷേ ആശവെയ്ക്കാതെ. പ്രവൃത്തികളിലുള്ള ദോഷങ്ങളും വിപരീതഫലങ്ങളും കാണുമ്പോൾ ആശകൾ മെലിഞ്ഞുപോകാതിരിക്കില്ല.

സഭ്യതയും പുരോഗതിയും നമുക്ക് ആവശ്യമാണ്, അല്ല, ആദർശം തന്നെ; എന്നാൽ ഇതേ പുരോഗതിയാണ് ഭൂനിവാസത്തെ അപകടത്തിലാക്കുന്ന വ്യാപകമായ മലിനീകരണം അഴിച്ചുവിട്ടു നമ്മെ വിറപ്പിച്ചുകൊണ്ടിരിയ്ക്കുന്നതും. ഉഷ്ണവ്യാപനം വല്ലാതെ അധികമായിക്കഴിഞ്ഞു. ഈ നൂറ്റാണ്ടിന്റെ ഒടുവിൽ ഭൂമിയെയാകെ അപകടവക്കത്തെത്തിയ്ക്കുന്ന തോതിലാണ് ഈ ഔഷ്ണീകരണം ഇപ്പോഴും നടക്കുന്നത്. എങ്ങനെ നോക്കിയാലും ഇത് അഭിലഷണീയമോ സ്വീകാര്യമോ അല്ല.

അശ്വമേധമഹായാഗം നടത്തിയാണ് ദശരഥമഹാരാജാവിന് 4 പുത്രന്മാരുണ്ടായത്. എല്ലാവരും പുണ്യശ്ലോകർതന്നെ. എന്നിട്ടും രാമൻ അച്ഛന്റെ വാക്കുപാലിയ്ക്കാനായി 14 കൊല്ലത്തെ വനവാസത്തിനു പുറപ്പെട്ടതു കണ്ട ഉടനെ പിതാവ് പ്രാണഹീനനായി. ഇതിലേറെ വിപരീതഫലമെന്തുണ്ട്?

രാമന്റെ രക്ഷയ്ക്കെന്നു കരുതി സീത, അസഹ്യവാക്കുകൾവരെ പറഞ്ഞാണ്, ലക്ഷ്മണനെ ജനസ്ഥാനത്തുനിന്ന് ആട്ടിപ്പായിച്ചത്. ഉടൻ സംഭവിച്ചതോ? മിനിട്ടുകൾക്കകം ജനകപുത്രി രാവണഹസ്തങ്ങളിലായി! ഇതി

ലേതു പ്രവൃത്തിയാണ് അപുണ്യം, എന്നിട്ടും പിണഞ്ഞതോ? ഇങ്ങനെയുള്ള ഫലവൈപരീത്യങ്ങളെക്കുറിച്ചു വീണ്ടുംവീണ്ടും ആലോചിച്ചു നോക്കണം. അപ്പോഴേ മനസ്സിൽ വൈരാഗ്യം ഉദിച്ചുറച്ചു ശക്തമാകൂ, ബാഹ്യംവിട്ട് ആന്തരത്തിൽ സ്ഥൈര്യവും തൃപ്തിയും കാണാൻ തോന്നൂ, അധ്യാത്മാഭിരുചി സ്ഥായിയാകൂ.

കൃഷ്ണൻ ഈ വിചാരഗതി വിടുന്നില്ല മറിച്ച്, കൂടുതൽ ശക്തമാക്കയാണ്:

**സുപ്തസ്യ വിഷയാലോകോ**
**ധ്യായതോ വാ മനോരഥഃ**
**നാനാത്മകത്വാദ് വിഫലഃ-**
**തഥാ ഭേദാത്മധീർഗുണൈഃ** (11.10.3)

അന്വയം: **സുപ്തസ്യ വിഷയാലോകഃ ധ്യായതഃ മനോരഥഃ വാ നാനാത്മകത്വാദ് വിഫലഃ തഥാ ഗുണൈഃ ഭേദാത്മധീഃ.**

ഉറങ്ങുന്നവൻ സ്വപ്നത്തിൽപ്പെട്ടു വിവിധവസ്തുക്കളെ കാണുന്നതും, ധ്യാനിയ്ക്കുന്നവൻ മനോരഥത്തിൽപ്പെടുന്നതും നാനാത്വമെന്നതിനാൽ എങ്ങനെ വിഫലവും അർഥരഹിതവുമോ, അതുപോലെതന്നെ പ്രകൃതിഗുണങ്ങളാൽ ഉണ്ടാകുന്ന ദേഹാത്മബുദ്ധിയും.

### ▢ നിവൃത്തികർമമാണ് പ്രവൃത്തികർമമല്ല വേണ്ടത്

ശ്രീമദ്ഭാഗവതം ഭക്തിയേയും ഈശ്വരനേയുമൊക്കെ ഊട്ടിയുറപ്പിയ്ക്കുന്നതു ശരി. പക്ഷേ അതു വാസ്തവത്തേയും സത്യത്തേയും കൂടി അതേപോലെ തറപ്പിച്ചുപറയുന്നതു വിസ്മരിച്ചുകൂടാ. **സത്യം പരം ധീമഹി** എന്നാണ് ആദ്യമേ പറഞ്ഞുവെച്ചത്. **വേദ്യം വാസ്തവമത്ര വസ്തു ശിവദം** എന്നും തൊട്ടടുത്തു പ്രഖ്യാപിയ്ക്കുന്നു.

എന്താണ് ഈ സത്യം, വാസ്തവം? **യത്ര ത്രിസർഗോ മൃഷാ**, സത്യത്തിന്റേയും വാസ്തവത്തിന്റേയും മുമ്പിൽ സൃഷ്ടിസ്ഥിതിസംഹാരങ്ങൾ അവതരിപ്പിച്ചുകൊണ്ടുനില്ക്കുന്ന ലോകം മിഥ്യയാണ്, വെറും പ്രതിഭാസം, സ്വപ്നംപോലെ. ഇതിനെ കാണിയ്ക്കുന്ന ദ്രഷ്ടാ, അന്തരാത്മാ, മാത്രമേ ഉള്ളൂ. അതാണ് സത്യം. പിന്നെയെന്തും മിഥ്യ, മൃഷതന്നെ.

ദൃശ്യത്തിൽനിന്നു ദ്രഷ്ടാവിലേയ്ക്കു മനസ്സിനേയും ബുദ്ധിയേയും പിൻവലിപ്പിയ്ക്കാനാണ് നാനാത്വത്തിന്റെ അവാസ്തവികത ചൂണ്ടിക്കാട്ടുന്നത്. സ്വപ്നവും മനോരഥങ്ങളുംപോലെയാണ് ഇന്ദ്രിയങ്ങൾക്കു മുമ്പിൽ കാണുന്ന വൈവിധ്യം. അതിൽപ്പെട്ട് ഒരുവനു ദേഹത്തിൽ ആത്മബുദ്ധി തോന്നുന്നതു തീരെ പോഴത്തമാണ്. ലോകവും ദേഹവും ഇങ്ങനെ അവാസ്തവവും വർജ്യവുമായാൽ, പിന്നെ സാധകനു തിരിയാനുള്ളത് ഉൾപ്രകാ

ശമായ ആത്മാവിലേയ്ക്കുമാത്രമല്ലേ? ഭക്തി ആത്മജിജ്ഞാസയായി ഉയരുന്നത് ഇങ്ങനെയാണ്.

മനസ്സും ഇന്ദ്രിയങ്ങളുംകൂടി പലതും മിനഞ്ഞുണ്ടാക്കും, അനുഭവിപ്പിയ്ക്കും; എന്നാൽ അതിനെയൊക്കെ താത്ത്വികമായി പരിശോധിച്ചു വിലയിരുത്തേണ്ട ദൗത്യം ബുദ്ധിയ്ക്കുണ്ട്. ഇതിൽ ബുദ്ധി ഉദാസീനമോ അലംഭാവപ്രിയമോ ആകരുത്. അതിനാൽ കൃഷ്ണൻ സാധനയെ ഒന്നുകൂടി വിശദീകരിയ്ക്കുന്നു.

**നിവൃത്തം കർമ സേവേത**
**പ്രവൃത്തം മത്പരസ്ത്യജേത്**
**ജിജ്ഞാസായാം സംപ്രവൃത്തോ**
**നാദ്രിയേത് കർമചോദനാം** (11.10.4)

അന്വയം: **നിവൃത്തം കർമ സേവേത, പ്രവൃത്തം മത്പരഃ ത്യജേത് ജിജ്ഞാസായാം സംപ്രവൃത്തഃ ന ആദ്രിയേത് കർമചോദനാം.**

ലോകത്തിൽനിന്നു വേറിടീയ്ക്കുന്ന നിവൃത്തികർമത്തിൽ നിരതനാകണം, പ്രവൃത്തികർമങ്ങളിൽനിന്നു പിൻവലിയണം. ആത്മതത്ത്വമറിയുന്നതിൽ വ്യഗ്രനായി കർമപ്രേരണകളെ ആദരിയ്ക്കാതെ വിട്ടുകളയണം.

അതിപ്രധാനമായ പ്രസ്താവനയാണ് ഇത്. ദൈവികകർമങ്ങളെ പ്രവൃത്തി, നിവൃത്തി എന്നിങ്ങനെ രണ്ടായി തിരിയ്ക്കാം. കാമ്യകർമങ്ങൾ അനുഷ്ഠിച്ചും, സ്വർഗനരകങ്ങളിൽ വിശ്വസിച്ചും, പുനർജന്മമുണ്ടെന്നു കരുതിയും വേദങ്ങൾ പറയുന്ന നിത്യനൈമിത്തികകർമങ്ങൾ ചെയ്തുവരുക, ഒപ്പം വിശേഷകർമങ്ങളും. അനന്തരം അതതുഫലവും പ്രതീക്ഷിച്ചു കഴിയുന്നതാണ് പ്രവൃത്തിനിഷ്ഠ. അതുകൊണ്ട് എന്തുണ്ടാകുന്നു? ഇപ്പോഴത്തെ അവസ്ഥ തുടർന്നും സംഭവിയ്ക്കുന്നു. **ജന്മകർമഫലപ്രദാം ക്രിയാവിശേഷബഹുലാം** (2.43) എന്നിങ്ങനെയാണ് ഗീതയിൽ കൃഷ്ണൻ ഇതിനെ വിവരിയ്ക്കുന്നത്.

ജന്മം, തുടർന്നു പ്രവൃത്തി, പ്രവൃത്തിഫലം, മരണം, വീണ്ടും ജന്മം, ഇങ്ങനെ നിലയ്ക്കാതെ തുടരുകയാണ് പ്രവൃത്തികർമക്കാരുടെ ഗതി.

നിവൃത്തിനിഷ്ഠ അങ്ങനെയല്ല. ജന്മകർമങ്ങൾക്കുതന്നെ വിരാമം വരുത്തുന്നതാണത്. കർമകാണ്ഡപ്രസ്താവനകൾ നടത്തുന്ന വേദങ്ങളല്ലേ കർമവിരാമം വരുത്തുന്ന ഉപനിഷത്തത്ത്വവിചാരവും നിരത്തിവെയ്ക്കുന്നത്.

ജീവൻ ദേഹവിലക്ഷണമാണെന്നു പറഞ്ഞ്, അതിൽ ശ്രദ്ധയുളവാക്കുന്നു കർമകാണ്ഡം. അതേച്ചൊല്ലി പല കർമാനുഷ്ഠാനങ്ങളും വിധിയ്ക്കയും ചെയ്യുന്നു. അനന്തരമാണ് താത്ത്വികമായ വിശകലനം നടത്തുന്നത്: ദേഹ

വിലക്ഷണമായ ജീവൻ, അതേ കാരണത്താൽ ദേഹംചെയ്യുന്ന കർമങ്ങളിലോ, ദേഹത്തിനു സംഭവിയ്ക്കുന്ന ജന്മമരണങ്ങളിലോ തീരെ അകപ്പെടുന്നില്ല, തികച്ചും വേറിട്ടുതന്നെ നില്ക്കുന്നു. ജീവനു വരവോ പോക്കോ ഇല്ല, അതിനെ നിറംപിടിപ്പിയ്ക്കാനാവില്ല. അതു പരമപവിത്രമാണ്. അജ്ഞാനത്താലാണ് മറിച്ചു ചിന്തിച്ചു പാപപുണ്യക്കറകളിൽ പെടുന്നത്.

**ദേഹവിലക്ഷണമായ ഈ ജീവനെ അജന്മാവും അമരവും അകർത്താവുമായി അറിയൂ. ഇതാണ് അവസാനസത്യം, സാക്ഷാത്കാരം.** അതിൽ എല്ലാ ചോദ്യങ്ങളും, ആവശ്യങ്ങളും അസ്തമിയ്ക്കുന്നു. നൈഷ്കർമ്യമെന്ന ദശയിലേയ്ക്കാണ് ഈ അറിവ്, ആത്മജ്ഞാനം, നയിയ്ക്കുക.

കാര്യം ഇങ്ങനെയാണെങ്കിൽ, വിവേകി എന്തു ചെയ്യണം? ഈ വിജ്ഞാനവാക്യങ്ങളെ വേണ്ടുംവണ്ണം ഗ്രഹിച്ച് ആത്മജ്ഞനാകണം. അതിനു വേണ്ടതോ? ഗുരുമുഖത്തിൽനിന്ന് ആത്മതത്ത്വങ്ങൾ കേട്ടു ഗ്രഹിച്ചു മനനംചെയ്തു നിദിധ്യാസനവുമായി മുന്നേറി, സാക്ഷാത്കാരം നേടണം.

ശ്രവണം, മനനം, നിദിധ്യാസനം എന്നീ മൂന്നാണ് ആവശ്യം. ഇതാണ് നിവൃത്തികർമം. എല്ലാവരും ഇതു പിന്തുടരാൻ പുറപ്പെടില്ല, അവർക്ക് അതു സാധിയ്ക്കയുമില്ല. ആശയും ആവശ്യവും, ദേഹബന്ധങ്ങളും, സുഖവസ്തുക്കളും വിട്ടകലാൻ അവരുടെ മനസ്സ് സമ്മതിക്കില്ല. ഈ സ്ഥിതിയും കണക്കിലെടുക്കേണ്ടേ? അതിനാലാണ് അവരെ ആശ്ലേഷിച്ചു ക്രമത്തിൽ ഉദ്ബുദ്ധരാക്കാമെന്നു കരുതി വേദങ്ങൾ കർമവിധികളുമായി നില്ക്കുന്നത്.

ലോകത്തിൽ എന്നും ഇത്തരം ആഗ്രഹികളാകും കൂടുതൽ. അവർക്ക് ആഗ്രഹപൂരണത്തിനുള്ള വഴി ചൂണ്ടിക്കാട്ടി വേദങ്ങളിൽ വിശ്വാസം ജനിപ്പിച്ച്, അനന്തരം തത്ത്വവിചാരം രചിച്ചു ജ്ഞാനനിഷ്ഠയ്ക്കു നയിയ്ക്കുന്നത് ആവശ്യമാണ്. അതിനാൽ എന്നും ഭൂരിപക്ഷം ജനങ്ങളും പ്രവൃത്തിനിഷ്ഠ പിന്തുടരുന്നവരാകും. അത് അങ്ങനെത്തന്നെ നടന്നുകൊള്ളട്ടെ. നല്ല ഭക്തന്മാരും വിവേകികളും അതു കണ്ട് തെറ്റിദ്ധരിയ്ക്കയോ, സ്വന്തം നിലയെപ്പറ്റി അവർക്ക് ഇടയിളക്കം തോന്നുകയോ വേണ്ട. വിവേകികൾക്കുള്ള നിർദേശം, **ന ആദ്രിയേത് കർമചോദനാം,** കർമചോദനയെ ആദരിയ്ക്കയോ, അതിനു വശംവദരാകയോ ചെയ്തുപോകരുതെന്നാണ് കൃഷ്ണൻ കണിശമായി പറയുന്നത്.

പ്രവൃത്തിനിഷ്ഠയെപ്പറ്റി വേദങ്ങൾ വാചാലമാകുന്നതും, ചുറ്റുമുള്ള പ്രവൃത്തിനിഷ്ഠരേയും കണ്ട് നിവൃത്തിനിഷ്ഠർക്ക് ഒരുതരത്തിലും വിക്ഷേപം ഉണ്ടാകരുത്.

മനുഷ്യരാശി എന്നും ഭിന്നരുചിയാണ്. അതിനാലാണ് അന്യോന്യം വിരുദ്ധമായ ഇത്തരം വേദവിധികളും പ്രഖ്യാപനങ്ങളും. നിവൃത്തിനിഷ്ഠരും ഭക്തന്മാരും അനുഷ്ഠിയ്ക്കേണ്ട നിയന്ത്രണനിയമങ്ങൾ ഇന്നതാണെ

ന്നു വ്യക്തമാക്കുന്നു അടുത്ത ശ്ലോകം:

**യമാനഭീക്ഷ്ണം സേവേത**
**നിയമാൻ മത്പരഃ ക്വചിത്**
**മദഭിജ്ഞം ഗുരും ശാന്തം-**
**ഉപാസീത മദാത്മകം** (11.10.5)

അന്വയം: **മത്പരഃ യമാൻ അഭീക്ഷ്ണം നിയമാൻ ക്വചിത് സേവേത മദഭിജ്ഞം ശാന്തം മദാത്മകം ഗുരും ഉപാസീത.**

ഞാനാണ് പരമമെന്നു കരുതി, യമങ്ങളെ നിരന്തരവും, നിയമങ്ങളെ ചിലേടത്തും അനുഷ്ഠിയ്ക്കുക. എന്നെ നന്നായറിഞ്ഞു ശാന്തത സിദ്ധിച്ച ഗുരുവിനെ ഞാനെന്നു കരുതി സേവിയ്ക്കുക.

യമം, നിയമം എന്നീ രണ്ടും യോഗാംഗങ്ങളാണ്. ആസനംതൊട്ടു സമാധിയുമടങ്ങുന്ന അഷ്ടാംഗരാജയോഗമാണ് പതഞ്ജലി വിവരിയ്ക്കുന്നത്. യമവും, നിയമവും മനസ്സിനും ദേഹത്തിനുമുള്ളതത്രെ. അഹിംസ, സത്യം, അസ്തേയം എന്നീ മനോനിയന്ത്രണങ്ങളാണ് യോഗസാധനയിൽ പ്രധാനം. യോഗസാധന മുഴുവനും മനസ്സിനുള്ളതാണല്ലോ. അതിനാൽ ഇവയൊക്കെ ജീവിതത്തിൽ അവിഭാജ്യഭാഗമാകണം. നിയമങ്ങൾ അങ്ങനെയല്ല. അവ സ്ഥലസൗകര്യങ്ങൾക്കൊത്തു ശീലിയ്ക്കാവുന്നതാണ്.

യമങ്ങളൊക്കെ സ്വന്തം വ്യക്തിത്വത്തിൽ അധിഷ്ഠിതമാണ്. ഇവയെപ്പറ്റി വ്യക്തമായി 19-ാം അധ്യായത്തിൽ പറയുന്നുണ്ട്. ഇതിൽ മുഖ്യം **മത്പരത്വം**തന്നെ; എന്നുവെച്ചാൽ, ഈശ്വരനെ സർവപ്രധാനവും പരമാശ്രയവുമായി കരുതുക. ഭഗവാനെക്കഴിഞ്ഞേ ജീവിതത്തിലും ലോകത്തിലും എന്തുമുള്ളുവെന്നു മേല്ക്കുമേൽ തോന്നുന്തോറും, ലൗകികഗണനകൾക്കുള്ള പിടിപ്പ് അഴഞ്ഞഴഞ്ഞുപോകും, മനസ്സിനു കനംകുറയും, ഉൾസാന്നിധ്യം മേല്ക്കുമേൽ അനുഭവപ്പെടുകയും ചെയ്യും.

ഈ ചിന്താഗതി വളർന്നു ശക്തമാകുമ്പോഴാണ് ഭക്തനും സാധകനുമായി ഒരുവനെ ഭാഗവതധർമങ്ങൾ ഏറെയേറെ ഗ്രസിച്ചുതുടങ്ങുന്നത്. താമസിയാതെ തനിയ്ക്കു സദ്ഗുരുവേയും സിദ്ധിയ്ക്കുന്നു. **ഭഗവദനുഭവം വേണ്ടുവോളം ഉള്ളവനാണ് സദ്ഗുരു. ആശകളറ്റ് ആത്മാനന്ദമഗ്നനാകും സദ്ഗുരു. അത്തരം സദ്ഗുരുവെ ഉപാസിയ്ക്കുന്നത് ആവശ്യമാണ്. നിരവധി വർഷങ്ങളെടുക്കുന്ന സാധനയും തപസ്സും മാസങ്ങളാൽത്തന്നെ കൈവരുത്തുന്നതത്രേ ഗുരുവാക്യശ്രവണവും ഗുരു സംസർഗവും.**

മനനംചെയ്തു സാക്ഷാത്കരിയ്ക്കാൻ ഒരുവന് എത്രകാലം വേണ്ടിവരുമെന്നു പറയാനാവില്ല. ഗുരുസഹവാസത്താൽ കാലദൈർഘ്യം പെട്ടെന്നു ചുരുങ്ങി, എല്ലാം നേരിട്ടു കേട്ടും കണ്ടും അറിയാൻ കഴിയുന്നു. ഗുരുവഴി സ്വാനുഭവസ്ഥിരീകരണവും കൂടിയാകുമ്പോൾ, ശിഷ്യന്നുണ്ടാകുന്ന നേട്ടം

എത്ര ശക്തവും സുഭഗവുമാകുമെന്നോ? ഭഗവദുപാസന ഗുരൂപാസനയായി സ്ഥാനം പിടിയ്ക്കും.

**ഭഗവാൻ അപ്രത്യക്ഷനാണല്ലോ. ഗുരുവാണ് പ്രത്യക്ഷഭഗവാൻ. ഭക്തനെ കണ്ട്, പറയുന്നതുകേട്ട്, അറിയേണ്ടതു ധരിപ്പിച്ച്, സംശയങ്ങൾ തീർത്ത്, തൃപ്തിയും സാഫല്യവും പൂർണതയും ഉളവാക്കാൻ ഗുരുവിന്നേ സാധിയ്ക്കൂ. ഗുരുദേവതാത്മാ** (11.2.37) **എന്നാണല്ലോ ഇതിനുമുമ്പും പറഞ്ഞുവെച്ചത്.** ഭക്തനായാലും ജിജ്ഞാസുവായാലും, ഗുരുവുമായുള്ള സമ്പർക്കമാണ് ജ്ഞാനത്തിനും സാഫല്യത്തിനും നിർണായകഘടകമെന്നു കൃഷ്ണൻ വ്യക്തമാക്കുന്നു.

**മദഭിജ്ഞൻ** എന്നുവെച്ചാൽ എന്നെ, ഈശ്വരനെ, നന്നായി അനുഭവിച്ചറിഞ്ഞവൻ. ആശകളെല്ലാം അറ്റ്, മനസ്സ് നല്ലവണ്ണം ശാന്തമായവനാണ് ഗുരു. മാത്രമല്ല **മദാത്മകനും.** തന്റെ ജീവൻ ഈശ്വരൻതന്നെ, മറ്റൊന്നുമല്ല, എന്നു വേണ്ടുംവണ്ണം സാക്ഷാത്കരിച്ച്, അതേ താദാത്മ്യത്തിൽ കഴിയുന്നവൻ. അങ്ങനെയൊരുവന്നേ ഈശ്വരനെപ്പറ്റി ആധികാരികമായി പറഞ്ഞുകൊടുക്കാൻ കഴിയൂ.

ബ്രഹ്മജ്ഞാനം ബ്രഹ്മനിഷ്ഠ, തത്ത്വജ്ഞാനിയ്ക്ക് എങ്ങനെ നോക്കിയാലും അനിവാര്യമാണ്. മാത്രമല്ല ജീവൻ, ജീവിതം, ലോകം, ഇവയെപ്പറ്റിയും നല്ല പരിജ്ഞാനം ഉണ്ടെങ്കിലേ തത്ത്വോപദേഷ്ടാവിനു ശിഷ്യരെ ശരിയ്ക്കും ഉദ്ബുദ്ധരാക്കാൻ കഴിയൂ. ഇതൊക്കെ സദ്ഗുരുവിന്നുള്ള മഹിമകളാണ്.

ഭക്തനായാലും ജ്ഞാനസാധകനായാലും യമാദികളുടെ ഒരു കുറവും ഉണ്ടാകരുതെന്നു കൃഷ്ണനു നിർബന്ധമാണ്.

### ശിഷ്യന്നുണ്ടാകേണ്ട ഗുണമഹിമകൾ

സദ്ഗുരുവെ സമീപിച്ച് ആത്മജ്ഞാനം നേടണമെങ്കിൽ, ശിഷ്യന് അതിനുതക്ക ഗുണമൂല്യങ്ങളും തത്ത്വജിജ്ഞാസയും കൂടിയേ തീരൂ. അവയെപ്പറ്റി കൃഷ്ണൻ വളരെ വ്യക്തമായി നിർദേശിയ്ക്കുന്നു. ഒമ്പതു മൂല്യങ്ങളാണ് ഇവിടെ പ്രസ്താവിയ്ക്കുന്നത്.

**അമാന്യമത്സരോ ദക്ഷോ**
**നിർമമോ ദൃഢസൗഹൃദഃ**
**അസത്വരോഽർഥജിജ്ഞാസുഃ-**
**അനസൂയുരമോഘവാക്** (11.10.6)

അന്വയം: **അമാനീ അമത്സരഃ ദക്ഷഃ നിർമമഃ ദൃഢസൗഹൃദഃ അസത്വരഃ അർഥജിജ്ഞാസുഃ അനസൂയുഃ അമോഘവാക്.**

അഭിമാനമില്ലാതെ, മത്സരംവെടിഞ്ഞ്, സമർഥനും, തിരക്കു പിടിയ്ക്കാത്തവനും, മമതാഹീനനും, നല്ല സ്നേഹമുള്ളവനും,

സത്യമറിയാൻ ഇച്ഛിയ്ക്കുന്നവനും, അസൂയയില്ലാത്തവനും, പാഴ്വാക്കു പറയാത്തവനും ആകണം.

യമനിയമങ്ങൾ ശീലിച്ചു സംസ്കാരസമ്പന്നനായ ശിഷ്യൻ **മദഭിജ്ഞം മദാത്മകം ശാന്തം ഗുരും ഉപാസീത** - ഇത്തരം ഗുരുവിന്റെ പക്കൽ ചെല്ല ണമെന്നു പറയുന്നു കൃഷ്ണൻ.

**അമാനീ**, ശിഷ്യനു വൃഥാഭിമാനം ഉണ്ടാകരുത്. അഭിമാനം അതിസൂക്ഷ്മമായ മാനസഭാവമാണ്, അല്ല ദൂഷ്യംതന്നെ. അഭിമാനമായിരുന്നു അർജുനനെ കുരുക്ഷേത്രത്തിൽ 13 കൊല്ലത്തെ വിശേഷത്തയ്യാറെടുപ്പിനു ശേഷവും സങ്കടത്തിലാഴ്ത്തി യുദ്ധവിമുഖനാക്കിയത്. കൃഷ്ണൻ ഉപദേശിച്ച ഗാഢതത്ത്വമൂല്യങ്ങൾ കേട്ടുഗ്രഹിച്ചപ്പോഴേ പാർഥമനസ്സ് ധീരവും പവിത്രവുമായുള്ളു. അവിടെ കൃഷ്ണൻ തറപ്പിച്ചുപറഞ്ഞ 20 ഗുണമൂല്യങ്ങൾ (13.7-11) തുടങ്ങുന്നതുതന്നെ **അമാനിത്വം അദംഭിത്വം** എന്നിങ്ങനെയാണെന്നത് എത്ര പ്രസക്തമെന്നോ!

തെറ്റായ കർതൃത്വത്തിൽനിന്നു ധ്വനിയ്ക്കുന്നതാണ് മാനിത്വം. അമാനിയാകുന്നത് ഒഴിച്ചുകൂടാത്ത അധ്യാത്മഗുണംതന്നെ.

അമത്സരനാകണം ഭക്തൻ. തന്നെ ഈശ്വരന് ഇഷ്ടപ്പെടണമെന്നതുവിട്ട് ഒരു പ്രേരണയും ഭക്തമനസ്സിൽ ഉദിയ്ക്കരുത്. അങ്ങനെയായാലും എന്തു കാര്യവും ചെയ്യുന്നതിൽ ദക്ഷത, മിടുക്ക്, വേണം. ദക്ഷൻ എന്ന വിശേഷം ഭഗവദ്ഗീതയിലും എടുത്തുപറയുന്നു കൃഷ്ണൻ. **അനപേക്ഷഃ ശുചിഃ ദക്ഷഃ** (12.16) എന്നാണ് ഭക്തലക്ഷണങ്ങൾ വിവരിയ്ക്കുമ്പോൾ ഊന്നിപ്പറഞ്ഞത്. ഒരുതരത്തിലും ഭക്തൻ കാര്യനിർവഹണത്തിൽ പിന്നാക്കമാകരുത്. സർവവ്യാപിയും സർവപ്രകാശകനും സർവശക്തനും സർവജ്ഞനുമായ ഭഗവാനെ മനസ്സിൽ നിർത്തുന്നവനു കഴിവു കുറയുകയോ? മറിച്ച്, ഭക്തനു സമർഥത എത്രയോ കൂടുകയാണ് വേണ്ടത്.

പക്ഷേ എന്തു കാര്യത്തിലും എന്തു ചെയ്യുന്നതിലും മമത തെല്ലും പാടില്ല. താനടക്കം ലോകമാകെ ഈശ്വരേച്ഛയ്ക്കു വിധേയമാണെന്ന അടിസ്ഥാനഗണനയാകണം സദാ മനസ്സിൽ.

**ദൃഢസൗഹൃദഃ** എന്നതു പ്രത്യേകം വിചിന്തനം അർഹിയ്ക്കുന്നു. ഭക്തനു ഗുരുവുമായും മറ്റു ശിഷ്യരുമായുമുള്ള അടുപ്പവും സൗഹൃദവും ഉപരിപ്ലവമാകരുത്. സംശയത്തിനോ കലഹത്തിനോ ഇടകൊടുക്കാതെ, സമഞ്ജസവും ഗാഢവുമായിവേണം കഴിയാൻ. **ആരേയും ആശ്ലേഷിയ്ക്കാൻ കഴിയണം, ആരുടെ തെറ്റുകുറ്റങ്ങളോടും പോരായ്മയോടും ക്ഷമാശീലവും വേണ്ടത്ര ഉണ്ടാവണം. ഇനിയൊരാളെ പൊറുക്കുന്നതും അണയ്ക്കുന്നതും അവനവന്റെ നന്മകൊണ്ടാണ്, താൻ മോശക്കാരനായതുകൊണ്ടല്ലെന്ന് സദാ ഓർമവെയ്ക്കുക.**

അനാവശ്യമായ തിരക്കും ധൃതിയും നല്ലതല്ല. ക്ഷമയാണ് എപ്പോഴും

ഭൂഷണം, ഒപ്പം സഹനശീലവും. സ്ഥിരഗതിയാണ് ഓട്ടത്തിൽ ജയിയ്ക്കുക യെന്ന ചൊല്ല് ഓർമവെയ്ക്കുക.

**അർഥജിജ്ഞാസുഃ**, പരമാർഥമറിയാനുള്ള ഇച്ഛയ്ക്ക് ഒരിയ്ക്കലും തേയ്മാനം വന്നുകൂടാ. ഉത്സാഹവും തീവ്രതയും കൂടാനേ പാടൂ.

സഹശിഷ്യരോടോ, അതുവിട്ടു പുറത്തുള്ള സഹയാത്രികളോടോ അസൂയ തോന്നുന്നതു ശരിയല്ല. **മറ്റുള്ളവർ എങ്ങനെയെന്നു ചിന്തിയ്ക്കുന്നതിനുപകരം, താൻ എങ്ങനെയാകണം, ഇതാകണം എപ്പോഴുമുള്ള ഉത്കണ്ഠയും തീവ്രതയും.**

**അമോഘവാക്**, വളരെ പ്രധാനമാണ് ഈ ഗുണം. വെറുംവാക്കുകൾ സംസാരിച്ചു രസിയ്ക്കയോ, നേരം പോക്കുകയോ അരുത്. സംസാരിയ്ക്കുന്നതു കാര്യമാത്രപ്രസക്തമാകണം. ഇതുറപ്പുവരുത്തുക.

ആയുധത്തെ മൂർച്ചകൂട്ടുന്നതുപോലെയാണ് ഈ ഗുണമൂല്യങ്ങൾ ഓരോന്നും ശ്രദ്ധാപൂർവം ഉൾക്കൊണ്ട് ശീലിയ്ക്കുന്നത്. മനസ്സിനും ബുദ്ധിയ്ക്കുമുള്ള സംവേദനശീലവും കാര്യക്ഷമതയും വർധിച്ചുവരുന്നതാണ് ഇവയുടെ ഫലം.

**ജായാപത്യഗൃഹക്ഷേത്ര-**
**സ്വജനദ്രവിണാദിഷു**
**ഉദാസീനഃ സമം പശ്യൻ**
**സർവേഷ്വർഥമിവാത്മനഃ** (11.10.7)

അന്വയം: **ജായാപത്യഗൃഹക്ഷേത്രസ്വജനദ്രവിണാദിഷു സർവേഷു ആത്മനഃ അർഥം ഇവ സമം പശ്യൻ ഉദാസീനഃ (ഭവേത്).**

ഭാര്യ, സന്താനം, ഗൃഹം, വയൽ, ബന്ധുക്കൾ, സമ്പത്ത് ഇങ്ങനെ എല്ലാറ്റിലും തനിയ്ക്കുള്ള പ്രയോജനം തുല്യമാണെന്നു കണ്ട് ഉദാസീനനാകുക.

ശ്രീമദ്ഭാഗവതം നല്കുന്ന തത്ത്വമൂല്യങ്ങൾ തപസ്വികൾക്കും സംന്യാസിമാർക്കും ഉള്ളതാണ്, ഗൃഹസ്ഥന്മാർക്കുള്ളതല്ല, എന്ന് ആരും ധരിയ്ക്കയോ വാദിയ്ക്കയോ വേണ്ട. ലോകവുമായി സമ്പർക്കംനടത്തുന്നത് ഇന്ദ്രിയങ്ങളും മനസ്സുമാണ്. അതെത്ര കൂടിയാലും കുറഞ്ഞാലും, അവയിൽനിന്നു വരുന്ന സുഖദുഃഖങ്ങൾക്കു മാറ്റമോ ഏറ്റക്കുറച്ചിലോ ഉണ്ടാകാനില്ല. ഒരു ദിവസം 24 മണിക്കൂറേ ഉള്ളു. അതിൽ ഒരേ കണ്ണും കാതും വേണം എല്ലാം കാണാനും കേൾക്കാനും. കണ്ടു കേട്ടുണ്ടാകുന്ന അനുഭവം ഒരേ മനസ്സിൽത്തന്നെയാണുതാനും.

അപ്പോൾ ഭാര്യ, മക്കൾ തുടങ്ങി ചുറ്റുമുള്ള എല്ലാവരിലും എല്ലാറ്റിലും തുല്യപ്രയോജനമേ കാണാവൂ. വിശേഷവികാരങ്ങൾ ആരോടും ഒന്നിനോടും തോന്നേണ്ടതില്ല. കാരണം, സുഖദുഃഖങ്ങൾ കൂടാനോ കുറയാനോ

പോകുന്നില്ല.

അതിനാൽ ഒരിടത്തും ഒന്നിനെക്കുറിച്ചും വിശേഷസ്നേഹത്താൽ മെച്ചമോ മികവോ ഇല്ല. വേണ്ടത് എല്ലാറ്റിനോടും സമ:സമീപനമാണ്. ഒപ്പം ഉദാസീനതയും.

കൃഷ്ണൻതന്നെ രുക്മിണിയോടു തന്നെക്കുറിച്ചു പറയുന്നത് **ഉദാസീനാ വയം നൂനം ന സ്ത്ര്യപത്യാർഥകാമുകാഃ** (10.60.20) എന്നാണല്ലോ. സ്ത്രീയിലോ സന്താനത്തിലോ ധനത്തിലോ തനിയ്ക്ക് ആശയും താത്പര്യവും ഇല്ലത്രെ. എല്ലാറ്റോടുംകൂടി വാഴുമ്പോഴാണ് കൃഷ്ണൻ ഉദാസീനനാണ് താൻ, ഉദാസീനതയാണ് അടിമുടി തന്നിൽ എന്നു ചൂണ്ടിക്കാണിയ്ക്കുന്നത്.

ജായാപത്യാദികളോടെ വാഴുന്ന ഗൃഹസ്ഥന്മാരും അതുപോലെവേണം കഴിയാൻ എന്നല്ലേ ഇതിൽനിന്നു മനസ്സിലാക്കേണ്ടത്? അതു സാധിയ്ക്കും താനും. അതിനാണ് ഭക്തിയും വിരാഗതയും ജ്ഞാനവും. ഒന്നുമില്ലാതെ തനിയ്ക്ക് ഒന്നുമില്ലെന്നു പറയുന്നതിൽ എന്തർഥം? **എല്ലാമുള്ളപ്പോൾ ഒന്നുമില്ല, ഒന്നും വേണ്ട, എന്നു തോന്നുന്നതും അനുഭവിച്ചു മകിഴുന്നതുമാണ് യഥാർഥത്തിൽ ഉദാസീനത്വം.**

ഗൃഹസ്ഥന്മാർക്ക് ഇത്തരം ഭക്തിജ്ഞാനസമ്പന്നത നേടാൻ എന്താണ് തടസ്സം? അറിവില്ലായ്മയും പരിശ്രമക്കുറവുംതന്നെ. വാസ്തവത്തിൽ **ആത്മജ്ഞാനലബ്ധി ലോകജീവിതത്തെ ലഘൂകരിച്ചു സംപുഷ്ടമാക്കുന്നതാണ്.** കൃഷ്ണനെപ്പോലെ ഉദാസീനനാകുന്നതിലത്രേ ഇതു ശരിയ്ക്കും സഫലമാകുക.

## ദേഹത്തിലെ ആത്മാ വിറകിലെ അഗ്നിപോലെ

ഗുരുവിന്റേയും ശിഷ്യന്റേയും ലക്ഷണങ്ങൾ പറഞ്ഞുവല്ലോ. ഇനി ഗുരുനല്കുന്ന ജ്ഞാനമെന്തെന്നു വിവരിയ്ക്കുന്നു.

**വിലക്ഷണഃ സ്ഥൂലസൂക്ഷ്മാത്-**
**ദേഹാദാത്മേക്ഷിതാസ്വദൃക്**
**യഥാഗ്നിർദാരുണോ ദാഹ്യാത്-**
**ദാഹകോऽന്യഃ പ്രകാശകഃ** (11.10.8)

അന്വയം: **സ്ഥൂലസൂക്ഷ്മാത് ദേഹാത് ഈക്ഷിതാ സ്വദൃക് ആത്മാ ദാഹ്യാത് ദാരുണഃ ദാഹകഃ പ്രകാശകഃ അഗ്നിഃ യഥാ വിലക്ഷണഃ (തഥാ) അന്യഃ.**

സ്ഥൂലവും സൂക്ഷ്മവുമായ ദേഹത്തിൽനിന്ന്, കാണുന്നവനും സ്വയം ഉണരുന്നവനുമായ ആത്മാ, ദഹിപ്പിയ്ക്കപ്പെടുന്ന വിറകിൽനിന്നു ദഹിപ്പിയ്ക്കുന്ന സ്വപ്രകാശമായ അഗ്നിയെന്നപോലെ വിലക്ഷണനും വേറെയൊന്നും ആകുന്നു.